**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5206 2.7.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## മോട്ടോർ വാഹന വകുപ്പിൽ വിജിലൻസ് പരിശോധന

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക: | | ഉത്തരം<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മോട്ടോർ വാഹന വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളിലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം, ആറ്റിങ്ങൽ, കൊല്ലം,ആലപ്പുഴ, കോട്ടയം,ഇടുക്കി ,എറണാകുളം, മൂവാറ്റുപുഴ,തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വടകര, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ആർ.ടി.ഓഫീസുകളിലും പാറശ്ശാല, നെയ്യാറ്റിൻകര, നെടുമങ്ങാട് , കഴക്കൂട്ടം , ചങ്ങനാശ്ശേരി, വൈക്കം , ചേർത്തല , കാഞ്ഞിരപ്പള്ളി , കായംകുളം , ചെങ്ങന്നൂർ, കരുനാഗപ്പള്ളി, പുനലൂർ, കൊട്ടാരക്കര, തിരൂർ, പെരിന്തൽമണ്ണ, തിരൂരങ്ങാടി , പൊന്നാനി , കൊയിലാണ്ടി , കന്നഞ്ഞൂർ, തിരുവല്ല , മല്ലപ്പള്ളി , വണ്ടിപ്പെരിയാർ, തൊടുപുഴ ,കോതമംഗലം, ചാലക്കുടി, തളിപ്പറമ്പ, തലശ്ശേരി , കൊടുവള്ളി, പട്ടാമ്പി , ആലത്തൂർ, ഇരിങ്ങാലക്കട, ഗുരുവായൂർ, വടക്കാഞ്ചേരി,ആലുവ എന്നീ സബ് ആർ.ടി ഓഫീസുകളിലും , കുറുംകുറ്റി, വഴിക്കടവ് , വാളയാർ (ഇൻ)ആന്റ്(ഔട്ട്), ആര്യങ്കാവ് , വേലന്താവളം , അമരവിള, പൂവാർ, മീനാക്ഷിപുരം, ചെറുവള്ളൂർ, മഞ്ചേശ്വർ, പെർള എന്നീ മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തിയിട്ടുള്ളത് . |
| (ബി) | പ്രസ്തുത പരിശോധനയിൽ കുറ്റം കണ്ടെത്തിയിട്ടുള്ള മോട്ടോർ വാഹന വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കമോ; | (ബി) യും (സി) | വിജിലൻസ് വകുപ്പിൽ നിന്നും ഗതാഗത വകുപ്പിൽ ലഭിച്ചിട്ടുള്ള വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ടുകളുടെയടിസ്ഥാനത്തിൽ 380 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്, ഓഫീസ് എന്നിവ ഉൾക്കൊള്ളിച്ച ലിസ്റ്റ് ലഭ്യമാക്കാമോ; | (സി) യും | അതിൽ 15 പേർക്കെതിരെയുള്ള നടപടി പൂർത്തിയായിട്ടുണ്ട്. നടപടിയ്ക്ക് വിധേയരായ ഉദ്യോഗസ്ഥരുടെ പേരും സ്വീകരിച്ചിട്ടുള്ള നടപടികളും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | മോട്ടോർ വാഹന വകുപ്പിനെ അഴിമതിരഹിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) | മോട്ടോർ വാഹന വകുപ്പിലെ അഴിമതി പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് നിരവധി പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി വരുന്നു. ഏജന്റുമാരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിന് വേണ്ടി വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം, എല്ലാ സർവ്വീസും എല്ലാ കൗണ്ടറിലും ലഭ്യമാക്കൽ, വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ്, ഓൺ ലൈൻ ആപ്ലിക്കേഷൻ, ഇ-പേയ്മെന്റ് മുതലായ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി വകുപ്പ് തലത്തിൽ നിർദ്ദേശങ്ങളും സർക്കുലറുകളും കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അടിക്കടി പരിശോധന നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ക്രമക്കേടുകൾ കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**